**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6500. 1.11.2011-ൽ മറുപടിയ്ക്ക്**

**ജലാശയ മേഖലകളിൽ 108 ആംബുലൻസിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്.<br>ശ്രീ. എം.പി. വിൻസെന്റ്.<br>ശ്രീ. വി.പി. സജീന്ദ്രൻ.<br>ശ്രീ. ഹൈബി ഈഡൻ. | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | 108 ആംബുലൻസുകളുടെ പ്രവർത്തനം ജലാശയമേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വിശദമാക്കുമോ; | (എ) | കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് ആലപ്പുഴ ജില്ലയിലേയ്ക്കും എറണാകുളം ജില്ലയിലേയ്ക്കും വ്യാപിപ്പിക്കുമ്പോൾ കരമാർഗ്ഗം എത്തിപ്പെടാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ജനങ്ങൾക്ക് വൈദ്യ സഹായം എത്തിക്കുവാനായി ജല ആംബുലൻസുകളുടെ സേവനം ഉപയോഗപ്പെടുത്തുവാനായി ആലോചിച്ചു വരുന്നു. ഇത്തരത്തിലൊരു ആശയം കേന്ദ്രദേശീയ ആരോഗ്യമിഷനു മുമ്പിൽ 2012-13 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ (PIP) ൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നു. |
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഇതിനായി നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) | ആദ്യപടിയായി ഇത് എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (സി) | ആദ്യപടിയായി ആലപ്പുഴ ജില്ലയിൽ ഇതിന്റെ പ്രവർത്തനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | ഇതിനായി സ്പീഡ് ബോട്ടുകളുടെ സേവനം ഉപയോഗപ്പെടുത്തുമോ? | (ഡി) | ഇതിനായി സ്പീഡ് ബോട്ടുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ